പുറത്തെഴുത്ത് ഉത്തരവ് ::
DDETSR/1475/2021-H2

വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം
തൃശ്ശൂർ, തീയതി : 19/09/2021

PSC പരീക്ഷക്കു സ്കൂളിലേക്ക് നൽകുന്ന യൂട്ടിലിറ്റി ചാർജ്ജുമായി ബന്ധപ്പെട്ട ലഭിച്ച കത്ത് ,എല്ലാ പ്രധാന അദ്ധ്യാപകർക്കും നൽകേണ്ടതും ആയതിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്

വിദ്യാഭ്യാസ ഉപ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്:

1) എല്ലാ ഡി ഇ ഒ /എ ഇ ഒ മാർക്കും

Website: www.keralapsc.gov.in
e-mail: cf.psc@kerala.gov.in

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ആസ്ഥാന ഓഫീസ്, തിരുവനന്തപുരം**

Telephone: 0471-2546208

നം.AC II(4)29850/11/GW

തിരുവനന്തപുരം.
തീയതി : 01.07.2021

പ്രേഷിതൻ

കൺട്രോളർ ഓഫ് ഫിനാൻസ്
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം

സ്വീകർത്താവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ
പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, 08 JUL 2021, തിരുവനന്തപുരം-14

സർ,

വിഷയം : കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ- പരീക്ഷകൾക്ക് സ്കൂൾ കെട്ടിടം ഉപയോഗിക്കുന്നത് - യൂട്ടിലിറ്റി ചാർജ്ജ് -സംബന്ധിച്ച്

സൂചന : 05.10.2020 തീയതിയിലെ DPI/82048/2018-A1(AW) നമ്പർ പരിപത്രം

AW(A)

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താഴെപ്പറയും പ്രകാരം അറിയിക്കുന്നു.
പി.എസ്.സി പരീക്ഷാ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും ക്ലാസ്സ് മുറികളിലെ
ടേബിൾ, ബെഞ്ച് എന്നിവയുടെ തകരാറുകൾ പരിഹരിക്കുന്നതിനും ക്ലാസ്സ് മുറിയും പരിസരവും വൃത്തിയാക്കുന്നതിനും
ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യത്തിന് കുടിവെള്ളം ലഭ്യമാക്കുന്നതിനും പരീക്ഷാ നടത്തിപ്പിന്
ആവശ്യമായ കറണ്ട് ചാർജ്ജ് ഒടുക്കുന്നതിനും കൂടാതെ പരീക്ഷാസംബന്ധമായ മറ്റ് ആവശ്യങ്ങൾക്കും
ചെലവഴിക്കുന്നതിന് വേണ്ടിയാണ് യൂട്ടിലിറ്റി ചാർജ്ജ് പരീക്ഷാ കേന്ദ്രങ്ങൾക്ക് പി.എസ്.സി നൽകിവരുന്നത്.
സർക്കാർ ഇതര സ്കൂളുകളുടെ ഭാഗങ്ങളുനിന്നും മേൽപറഞ്ഞ ചെലവുകളുടെ കാരണങ്ങളാൽ പരീക്ഷാ സെന്റർ
അനുവദിക്കുന്നതിനുള്ള വിസമ്മതം ഒഴിവാക്കുന്നതിനു കൂടി വേണ്ടിയാണ് ആയത് അനുവദിച്ചിട്ടുള്ളത്.
യൂട്ടിലിറ്റി ചാർജ്ജ് വിനിയോഗിക്കുമ്പോൾ ചെലവാകുന്ന തുകയ്ക്ക് കൃത്യമായ Receipt/Voucher
സൂക്ഷിക്കേണ്ടതാണ് എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. 08.03.2021 തീയതി മുതൽ PSC പരീക്ഷകൾ നടത്തുന്ന
സർക്കാർ സ്കൂളുകൾക്ക് യൂട്ടിലിറ്റി ചാർജ്ജ് നൽകേണ്ടതില്ല എന്ന് ബഹു.കമ്മീഷൻ തീരുമാനിച്ചിട്ടുള്ള വിവരവും
അറിയിക്കുന്നു.

വിശ്വസ്തതയോടെ,

അനിതകുമാരി ബി.എസ്
കൺട്രോളർ ഓഫ് ഫിനാൻസ്
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറിക്കു വേണ്ടി

പുറത്തെഴുത്ത് ഉത്തരവ്
നമ്പർ AW(A1)/9122/2021

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 06/09/2021

ബഹു കേരള പബ്ലിക് സർവീസ് കമ്മീഷന്റെ കത്തിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും ,എല്ലാ സർക്കാർ സ്കൂൾ പ്രധമാധ്യപർക്കും അറിവിലേക്കും അനന്തര നടപടിക്കുമായി നൽകുന്നു .

Signature Not Verified
Digitally signed by BINDU RANI C
Date: 2021.09.06 15:11:09 IST
Reason: Approved

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1) എല്ലാ വിദ്യാഭ്യാസ ഉപ ഡയരക്ടർമാർക്കും
2) എല്ലാ സർക്കാർ സ്കൂൾ പ്രധമാധ്യപകർക്കും വിദ്യാഭ്യാസ ഉപ ഡയറക്ടർ മുഖേന